**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ GO(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതു ഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ അതത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃ വകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റ് വകുപ്പുകളിലെ തസ്തികയിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കിവയ്ക്കുന്നത്. 24.05.1999 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30 ലെ നിയമനത്തിനു പുറമെയാണ് ഇപ്രകാരം 5 ശതമാനം നിയമനങ്ങൾ നടത്തി വന്നിരുന്നത്.<br>ആഭ്യന്തരവകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29.06.2018- ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമേ ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ |

| | | | |
|---|---|---|---|
| | | | ബെഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹു. കോടതി ഉത്തരവിനെ തുടർന്ന് മാതൃ വകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആകെ ആശ്രിതനിയമനം ഓരോ വർഷവും ഓരോ വകുപ്പിലും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി, ബഹു. ഹൈക്കോടതി ഉത്തരവ്, 24.05.1999 ലെ ഉത്തരവിലെ ഖണ്ഡിക 30 ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധി ന്യായം പുന;പരിശോധിക്കാൻ സംസ്ഥാന പോലീസ്, റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതു തസ്തികകളിൽ ആശ്രിതനിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതു തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യത അനുസരിച്ച് സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേക്ക് തസ്തിക മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാരിന്റെ 07.06.2021 ലെ സ.ഉ.(കൈ)നം.12/2021/ഉ.ഭ.പ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ആശ്രിത നിയമനം സമയബന്ധിതമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) | സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ GO(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതു ഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ അതത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃ വകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റു വകുപ്പുകളിലെ തസ്തികയിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കിവയ്ക്കുന്നത്. 24.05.1999 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30 ലെ നിയമനത്തിനു പുറമെയാണ് ഇപ്രകാരം 5 ശതമാനം നിയമനങ്ങൾ നടത്തി വന്നിരുന്നത്.<br>ആഭ്യന്തരവകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ |

| | | | |
|---|---|---|---|
| | | | നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29.06.2018- ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമേ ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹു. കോടതി ഉത്തരവിനെ തുടർന്ന് മാതൃ വകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആകെ ആശ്രിതനിയമനം ഓരോ വർഷവും ഓരോ വകുപ്പിലും ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി, ബഹു. ഹൈക്കോടതി ഉത്തരവ്, 24.05.1999 ലെ ഉത്തരവിലെ ഖണ്ഡിക 30 ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധി ന്യായം പുന;പരിശോധിക്കാൻ സംസ്ഥാന പോലീസ്, റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതു തസ്തികകളിൽ ആശ്രിതനിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതു തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യത അനുസരിച്ച് സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേക്ക് തസ്തിക മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാരിന്റെ 07.06.2021 ലെ സ.ഉ.(കൈ)നം.12/2021/ഉ.ഭ.പ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ആശ്രിതനിയമനത്തിനായുള്ള അപേക്ഷകരിൽ കാലാവധി കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്തവരെ കമ്പനി/കോർപ്പറേഷൻ/യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യു വരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സർക്കാർ വകുപ്പുകളിൽ മാത്രമേ നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ. |

സെക്ഷൻ ഓഫീസർ